(എ) കോന്നിയിലെ ആനക്കൂടിനോടനുബന്ധിച്ച് നിർമ്മിക്കുന്ന സുവോളജിക്കൽ പാർക്കിന്റേയും കുട്ടികളുടെ പാർക്കിന്റേയും നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ പണി എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഏതവസ്ഥയിലാണെന്നും വ്യക്തമാക്കുമോ;

(സി) ഈ പാർക്ക് പൂർത്തിയാക്കി എന്നത്തേയ്ക്ക് ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തടസ്സം നേരിട്ടിട്ടുണ്ട്. വനസംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള അനുവാദം ഈ പദ്ധതിക്ക് ആവശ്യമാണെന്നുള്ള വനം വകുപ്പ് സംരക്ഷണ വിഭാഗം ചീഫ് കൺസർവേറ്ററുടെ നിർദ്ദേശ പ്രകാരം ഈ പദ്ധതിയുടെ പണി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) 1998 ജൂൺ മാസത്തിലാണ് ഇതിന്റെ പണി ആരംഭിച്ചത്. ഓഫീസ് മന്ദിരത്തിന്റേയും ചുറ്റുമതിലിന്റേയും പണി ഏതാണ്ട് അവസാന ഘട്ടത്തിലാണ്. പാർക്കിന്റേയും ലാൻഡ്സ്കേപ്പിന്റേയും പണി തുടങ്ങാനിരിക്കുന്നതേയുള്ളൂ.

(സി) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് പണി പുനരാരംഭിച്ച് പൂർത്തിയാക്കുവാൻ കഴിയും. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

102 (728) കൊല്ലം ഡി.ടി.പി.സി. സെക്രട്ടറിക്കെതിരെയുള്ള ആരോപണങ്ങൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡി.ടി.പി.സി. സെക്രട്ടറിക്കെതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ഫിനാൻസ് ഓഫീസർ റിപ്പോർട്ട് കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഈ റിപ്പോർട്ടിൻമേൽ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) 1997-98-ലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയ അധികാരി ഏതെങ്കിലും തരത്തിലുള്ള ഫിസിക്കൽ വെരിഫിക്കേഷന് ശേഷമാണോ അത് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കൊല്ലം ഡി.ടി.പി.സി.യിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതിയുമായി ബന്ധപ്പെടുത്തി ഏതെങ്കിലും പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ പരിപാടിയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തിയിരുന്നു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23.9.1998-ൽ.

(ബി) റിപ്പോർട്ട് ജില്ലാ കളക്ടർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പണം കൈകാര്യം ചെയ്തുവന്നിരുന്ന ക്ലാർക്കിനെ ആ ചുമതലയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ടുമാത്രമേ ചെലവുകൾ നിർവ്വഹിക്കാവൂ എന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.ടി.പി.സി.-ക്ക് യഥാർത്ഥത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അത് എത്ര എന്ന് നിജപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റിപ്പോർട്ട് പരിശോധനയിലാണ്. കോപ്പി മേശപ്പുറത്ത് വയ്ക്കുവാൻ തൽക്കാലം നിവൃത്തിയില്ല.

(ഡി) ഫിസിക്കൽ വെരിഫിക്കേഷനുശേഷമാണ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ)&(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 15 പേരെ സെക്ഷനുകളിലായി ജോലിക്ക് നിയമിച്ചിട്ടുണ്ട്.

103 (729) അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട്

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കോടതികളിൽ ആകെ എത്ര അഭിഭാഷകർ പ്രാക്ടീസ് ചെയ്യുന്നുണ്ടെന്ന് ഗവൺമെന്റിന് അറിവുണ്ടോ;

(ബി) അവർ എല്ലാവരും അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് സ്കീമിൽ അംഗങ്ങളാണോ;

(സി) പ്രതിവർഷം അഭിഭാഷകരുടെ വിഹിതമായി എത്ര രൂപ അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് സ്കീമിൽ വരവുണ്ട്; ഇപ്പോൾ ഈ സ്കീമിൽ എത്ര രൂപ നിക്ഷേപമുണ്ട്;

(ഡി) പ്രാക്ടീസ് നിറുത്തുകയോ, പ്രാക്ടീസ് ചെയ്തു വരവേ മരണം സംഭവിക്കുകയോ ചെയ്യുന്ന അഭിഭാഷകർക്ക് പരമാവധി ഈ സ്കീമിൽ നിന്നും എത്ര രൂപ ലഭ്യമാകും; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബാർ കൗൺസിലിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

(ബി) കേരളത്തിലെ അഭിഭാഷകരെല്ലാവരും അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് സ്കീമിൽ അംഗങ്ങളല്ല. അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly